പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 520

27.9.2011-ൽ മറുപടിക്ക്

**ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനിയിലെ മലിനീകരണ പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ബി.സത്യൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് കമ്പനിയിൽ മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വൈവിധ്യവൽക്കരണത്തിനുമായുള്ള പദ്ധതി പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) പദ്ധതി പ്രവർത്തനം പൂർത്തിയായിട്ടില്ല. 2005-ൽ മലിനീകരണ നിവാരണവും വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ട പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഒന്നാംഘട്ട പദ്ധതിക്ക് മാത്രമാണ് അനുമതി നൽകിയത്. ഒന്നാം ഘട്ട പദ്ധതിയുടെ ടെൻഡറിംഗ് മുതൽ തുടങ്ങിയ നിയമകുരുക്കുകൾ പദ്ധതി തുടങ്ങുന്നതിന് കാലതാമസം വരുത്തിയെങ്കിലും ഹൈക്കോടതിയുടെ ഇടപെടലിനെ തുടർന്ന് 2006-ൽ ഒന്നാം ഘട്ട പദ്ധതിയുടെ യന്ത്രങ്ങൾ ഇറക്കുമതിയും നിർമ്മാണ പ്രവർത്തനങ്ങളും തുടങ്ങി. പദ്ധതി നിർവ്വഹണത്തിനിടെ 2007 മുതൽ തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധന 2008-ൽ കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിൽവരെയെത്തി. ഇതിനെ തുടർന്ന് ടൈറ്റാനിയം പദ്ധതിയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു Expert committee- യെ നിയമിക്കുകയും പ്രസ്തുത റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പദ്ധതിയിൽ ഭേദഗതി വരുത്തുകയും ചെയ്തു. ഭേദഗതി വരുത്തിയ പദ്ധതി നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം ഉൽപ്പാദനം 45 ടണ്ണായി പരിമിതപ്പെടുത്തുവാനും ചിലവേറിയ ആസിഡ് റിക്കവറി പ്ലാൻറ് ഉപേക്ഷിക്കുവാനും ഇതിനെതുടർന്ന് സംജാതമാകുന്ന ഗാഢമാലിന്യങ്ങൾ ന്യൂട്രലൈസേഷൻ പ്ലാൻറിൽ ഭേദഗതിവരുത്തി ന്യൂട്രലൈസ് ചെയ്യാനും ഇതോടൊപ്പം ഇറക്കുമതി ചെയ്ത പ്രധാന യന്ത്രസാമഗ്രികൾ ഉപയോഗിച്ച് സ്വന്തമായി കോപ്രാസ് റിക്കവറി പ്ലാൻറ് പ്രാവർത്തികമാക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്. |

(ബി) ഇതിനായി 2005-ലെ സർക്കാർ അനുമതി നൽകിയ പദ്ധതി എന്തായിരുന്നു; ഏത് കമ്പനിക്കായിരുന്നു ടെണ്ടർ നൽകിയിരുന്നത്;

(ബി) 2005-ൽ 256.1 കോടി രൂപ മൊത്തചെലവുവരുന്ന പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിരുന്നത്. അതിൽ ഒന്നാം ഘട്ട പദ്ധതി 129.4 കോടി രൂപ ചിലവിൽ ഉൽപാദനം 65 ടണ്ണായി ഉയർത്താനും അപ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി 50 ടണ്ണിൻെറ ആസിഡ് റിക്കവറി പ്ലാൻറ്, 65 ടണ്ണിൻെറ കോപ്രാസ് റിക്കവറി പ്ലാൻറ്, 100 ടൺ പ്ലാൻറിൻെറ നേർത്ത മാലിന്യങ്ങൾ ന്യൂട്രലൈസ് ചെയ്യുന്നതിനുള്ള പ്ലാൻറ് എന്നിവയാണ് നടപ്പിലാക്കാൻ ആരംഭിച്ചത്. ഇതിൽ ആസിഡ് റിക്കവറി, കോപ്രാസ് റിക്കവറി പ്ലാൻറിന് ആവശ്യമുള്ള സാങ്കേതിക വിദ്യയും, വിദേശ നിർമ്മിത യന്ത്രങ്ങളും നൽകുന്നതിന് ചെമട്ടൂർ എക്കോ പ്ലാനിംഗ് (ഫിൻലാൻറ്), എ.വി.ഐ യൂറോപ്പ് എന്നീ കമ്പനികൾക്ക് കരാർ നൽകി. ന്യൂട്രലൈസേഷൻ പ്ലാൻറിൻെറ നിർമ്മാണത്തിന് വാട്ടെക് വാബാഗ് എന്ന കമ്പനിക്കുമാണ് കരാർ നൽകിയിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ കരാറുമായി ബന്ധപ്പെട്ടുണ്ടായ ആക്ഷേപങ്ങൾ എന്തൊക്കെയായിരുന്നു; ആക്ഷേപങ്ങൾ സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) നീക്കിയിരുപ്പ് തുകയോ, സാമ്പത്തിക ശേഷിയോ ഇല്ലാതിരുന്നിട്ടും ടൈറ്റാനിയം ട്രാവൻകൂർ കമ്പനി 108 കോടി രൂപ മുടക്കി Effluent Treatment Plan എന്ന പദ്ധതി നടപ്പിലാക്കുകയും തുടർന്ന് ഈ പ്ലാൻറിൻെറ നിർമ്മാണ ചിലവ് 200 കോടി രൂപയിൽ എത്തുകയും ചെയ്തതായ ആരോപണം സംബന്ധിച്ച് വി.ഇ 30/06/എസ്.ഐ.യു.1 നമ്പരായ വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നു.

(ഡി) അനുമതി നൽകിയ മന്ത്രിസഭയിലെ ആരോഗ്യവകുപ്പ് മന്ത്രി പിന്നീട് ഉന്നയിച്ച ആരോപണങ്ങൾ എന്തൊക്കെയായിരുന്നു; ഇക്കാര്യം അന്വേഷണ ഏജൻസിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

(ഡി) ഇപ്രകാരം ഒരു ആരോപണം അന്വേഷണ ഏജൻസിയുടെ ശ്രദ്ധയിൽപെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ